പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6045 — 04/07/2019 മറുപടിയ്ക്ക്

# പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകന്റെ ചുമതലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സർക്കാർ മേഖലയിലെ പ്രൈമറി സ്കൂൾ (എ) പ്രധാനാദ്ധ്യാപകന്റെ ചുമതലകൾ നിലവിൽ എന്തൊക്കെയാണെന്നറിയിക്കുമോ;

കെ.ഇ.ആർ അദ്ധ്യായം IX ചട്ടം 11-ൽ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ ചുമതലകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ആയത് പ്രകാരമുള്ള ചുമതലകൾ ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റിൽ നിന്നും ഡിപ്പാർട്ട്മെന്റിൽ നിന്നും പുറപ്പെടുവിക്കുന്ന നിയമങ്ങളും ഉത്തരവുകളും അനുസരിച്ച് പ്രവർത്തിക്കുക
2. സ്കൂളിൽ അച്ചടക്കം പാലിക്കുക
3. ടൈംടേബിൾ രൂപീകരിച്ചും, അദ്ധ്യാപകർക്കിടയിൽ ജോലി വിഭജിച്ചും പരീക്ഷകൾ നടത്തിയും പാഠ്യേതര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചും സ്കൂൾ ജോലി സംഘടിപ്പിക്കുക.
4. നിശ്ചിത ചട്ടങ്ങൾക്കു വിധേയമായി കുട്ടികളുടെ പ്രമോഷൻ നടപ്പിലാക്കുക.
5. അദ്ധ്യാപകരുടെ ജോലി പരിശോധിക്കുക.
6. സ്കൂൾ റിക്കാർഡുകളും, രജിസ്റ്ററും, ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുകയും സ്കൂൾ സംബന്ധമായ കത്തിടപാടുകൾ ശരിയായ വിധത്തിൽ നടത്തുകയും ചെയ്യുന്നത് ഉറപ്പുവരുത്തുക
7. നിശ്ചിത ചട്ടങ്ങൾ അനുസരിച്ച് കുട്ടികളിൽ നിന്നും അദ്ധ്യാപകർ വഴി ഫീസു പിരിച്ച് ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളുമാണെങ്കിൽ ട്രഷറിയിൽ അടയ്ക്കുക. അൺഎയ്ഡഡ്, അംഗീകൃത സ്കൂൾ

ആണെങ്കിലും വിദ്യാഭ്യാസ ഏജൻസിക്ക് അയയ്ക്കണം.

8. സ്കൂൾ പരിസരം ശുചിയായും ഭംഗിയായും അരോഗ്യ പ്രദായകമായ നിലയിലും സൂക്ഷിക്കുക.
9. സ്റ്റാഫ് കൗൺസിൽ സംഘടിപ്പിക്കുകയും, പ്രവർത്തിപ്പിക്കുകയും ചെയ്യുക, സ്റ്റാഫ് കൗൺസിലിൽ അദ്ധ്യാപകർ എല്ലാവരും അംഗങ്ങളും ഹെഡ്മാസ്റ്റർ ചെയർമാനും ആയിരിക്കണം.

(ബി) പ്രധാനാദ്ധ്യാപകന്റെ ചുമതലകൾക്ക് പുറമേ ഒരു ക്ലാസിന്റെ പ്രത്യേക ചുമതലയും പ്രധാന അദ്ധ്യാപകനിൽ നിക്ഷിപ്തമാണോ എന്നറിയിക്കുമോ;

(ബി) കുട്ടികളുടെ എണ്ണം 101 ൽ കുറവുള്ള യു.പി സ്കൂളിലും 151 ൽ കുറവുള്ള എൽ.പി സ്കൂളിലും പ്രഥമാധ്യാപകൻ ഒരു ക്ലാസിന്റെ ചുമതലയും വഹിക്കണം.

(സി) പ്രധാനാദ്ധ്യാപകന്റെ ചുമതലകൾക്ക് പുറമേ ഒരു ക്ലാസ്സിന്റെ പ്രത്യേക ചുമതലയും നല്കുന്നത് വഴി താങ്ങാനാകാത്ത ജോലി ഭാരം പ്രധാന അദ്ധ്യാപകനുള്ളതായി അദ്ധ്യാപക സംഘടനകൾ നിവേദനങ്ങൾ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) ഉണ്ട്. കെ.ഇ.ആർ അദ്ധ്യായം XXIII റൂൾ I(5) പ്രകാരം (v) മുതൽ (vii) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു അപ്പർ പ്രൈമറി സ്കൂളിലെ കുട്ടികളുടെ അംഗബലം 100 -ൽ കവിയുകയോ (i) മുതൽ (vii) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു സ്കൂളിലെ കുട്ടികളുടെ അംഗബലം (i) മുതൽ (v) വരെ സ്റ്റാൻഡേർഡുകളിൽ 150-ൽ കൂടുകയോ (v) മുതൽ (vii) വരെ സ്റ്റാൻഡേർഡുകളിൽ 100-ൽ കൂടുകയോ ചെയ്താൽ ഹെഡ്മാസ്റ്ററെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ